കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം-695001
ഫോൺ : 0471 2331104, 0471 2331159
Email : cei@ceikerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം

ഹാജർ : വി.സി. അനിൽകുമാർ

വിഷയം: ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്- ജീവനക്കാര്യം- ക്ലാർക്ക് തസ്തികയിലെ സ്ഥലം മാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:
1. സർക്കാർ ഉത്തരവ് (പി) നം 36/91/P&ARD തീയതി 02.12.1992
2. ശ്രീ. രാഘേഷ്.സി.എസ്, ക്ലാർക്കിന്റെ 01.07.2022-ലെ സ്ഥലംമാറ്റ അപേക്ഷ.
3. ശ്രീ. നിസ്സാർ.കെ.വൈ, ക്ലാർക്കിന്റെ 01.07.2022-ലെ സ്ഥലംമാറ്റ അപേക്ഷ.

<u>ഉത്തരവ് നമ്പർ : ഇ 2-16535/2021/സിഇഐ തീയതി: 06.08.2022</u>

തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ക്ലാർക്കുമാരായ ശ്രീ.രാഘേഷ്.സി.എസ്, ശ്രീ.നിസ്സാർ.കെ.വൈ എന്നിവർ യഥാക്രമം പാലക്കാട് ജില്ലാ കാര്യാലയത്തിലേക്കും എറണാകുളം ജില്ലാ കാര്യാലയത്തിലേക്കും സ്ഥലം മാറ്റം ലഭിക്കുന്നതിന് പരാമർശം (2) (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.രാഘേഷ്.സി.എസ് പാലക്കാട് ജില്ലാ പി.എസ്.സി ആഫീസറുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിലും, ശ്രീ.നിസ്സാർ.കെ.വൈ എറണാകുളം ജില്ലാ പി.എസ്.സി ആഫീസറുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിലും തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ആസ്ഥാന ഒഴിവിൽ നിയമിതരായവരാണ്.

ആസ്ഥാന ഒഴിവിൽ നിയമിതരാകുന്ന ജീവനക്കാർക്ക് 5 വർഷത്തെ സേവനം പൂർത്തിയാക്കാതെ തന്നെ നിയമനത്തിനായി തെരഞ്ഞെടുത്ത സ്വന്തം ജില്ലയിലേക്ക് വകുപ്പിനുള്ളിൽ തന്നെ സീനിയോറിറ്റി നഷ്ടപ്പെടാതെ സ്ഥലം മാറ്റം നൽകാവുന്നതാണ് എന്ന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ക്ലാർക്കുമാരായ ശ്രീ.രാഘേഷ്.സി.എസ്, ശ്രീ.നിസ്സാർ.കെ.വൈ എന്നിവരെ യഥാക്രമം പാലക്കാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലും എറണാകുളം ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെകാര്യാലയത്തിലും ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഒപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

1. ശ്രീ.രാഘേഷ്.സി.എസ്, ക്ലാർക്ക്
2. ശ്രീ.നിസ്സാർ.കെ.വൈ, ക്ലാർക്ക്

പകർപ്പ്:

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, എറണാകുളം
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, പാലക്കാട്
3. സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ്
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ്
5. സൂപ്രണ്ട് എം, എൽ സെക്ഷനുകൾ
6. ഇ സെക്ഷൻ
7. എ 3 സെക്ഷൻ
8. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ/അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
4. കരുതൽ/അധികം

ഉത്തരവിൻപ്രകാരം
സീനിയർ സൂപ്രണ്ട്

എൽ.എ